# ഭാരതീയ ചികിത്സാ വകുപ്പ്

**Next-Gen E hospital**

# ഓ. പി. രജിസ്ട്രേഷൻ ചെയ്യുന്ന വിധം

## (ജീവനക്കാർക്കുള്ള കൈപ്പുസ്തകം)

ഭാരതീയ ചികിത്സാ വകുപ്പ്

**2025 മാർച്ച് 3**

തയ്യാറാക്കിയത്: പയ്യോളി താലൂക്ക് ആയുർവേദ ആശുപത്രി, കോഴിക്കോട്

| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| | **പ്രാഥമിക ഒരുക്കങ്ങൾ** | |
| 1. | കമ്പ്യൂട്ടർ | 3 |
| 2. | ഗൂഗിൾ ക്രോം | 3 |
| 3. | Nextgen.ehospital | 3 |
| **4.** | **ഓ. പി. ടിക്കറ്റ് എടുക്കാൻ** | 4 |
| 4.1. | ABHA (Ayushman Bharat Health Account) ഉള്ളവരാണെങ്കിൽ | 4 |
| 4.2. | ABHA address നേരത്തെ എടുത്ത്, അത് ഓർമ ഇല്ലാത്തവർക്ക് | 4 |
| 4.3. | ABHA ഇല്ലാത്തവർക്ക് ആദ്യമായി ABHA എടുക്കുന്ന വിധം | 5 |
| 4.4. | ABHA ഇല്ലാത്ത, ആധാറും മൊബൈൽ നമ്പറുമായി ബന്ധിപ്പിക്കാത്ത, പ്രസ്തുത ഫോൺ കൊണ്ടുവരാത്ത, ആധാർ നമ്പർ കൈയിൽ ഇല്ലാത്തവർക്ക് ഓ. പി. രജിസ്ട്രേഷൻ ചെയ്യുന്ന വിധം | 6 |
| 5. | Scan &Share വഴി ടോക്കൺ എടുത്തവർക്ക് OP Registration ചെയ്യേണ്ട വിധം | 7 |
| 6. | Scan & Share വഴി ടോക്കൺ എടുക്കുന്ന വിധം | 8 |
| 7. | ABHA കാർഡ് പ്രിന്റ് എടുക്കുന്ന വിധം | 9 |
| 8. | UHID / മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് രോഗിയെ കണ്ടു പിടിക്കാൻ | 11 |
| 9. | ദിവസേനയുള്ള ഓ. പി. കലക്ഷൻ റിപ്പോർട്ട് എടുക്കാൻ | 11 |


ഭാരതീയ ചികിത്സാ വകുപ്പ്


## 1. കമ്പ്യൂട്ടർ

1.1. കമ്പ്യൂട്ടർ ഓണാക്കുക

1.2. ഇൻറർനെറ്റ് ഉണ്ടെന്ന് ഉറപ്പു വരുത്തുക



1.3. പ്രിൻറർ കണക്റ്റ് ചെയ്യുക



1.4. സ്കാനർ കണക്റ്റ് ചെയ്യുക



## 2. ഗൂഗിൾ ക്രോം


2.1. ഓപ്പൺ ചെയ്യുക

2.2. അഡ്രസ് ബാറിൽ

https://nextgen.ehospital.gov.in/ എന്ന്


ടൈപ്പ് ചെയ്ത് എൻറർ ബട്ടൻ അമർത്തുക




## 3. Nextgen.ehospital


3.1. യൂസർ ഐ. ഡി., പാസ് വേഡ്, **captcha** എന്നിവ നൽകി ലോഗിൻ ചെയ്യുക




3.2. OPD Registration എന്ന ഐക്കൺ ക്ലിക്ക് ചെയ്യുക





## 4. ഓ. പി. ടിക്കറ്റ് എടുക്കാൻ താഴെ കാണുന്ന സ്ക്രീൻ ശ്രദ്ധിക്കുക




4.1. ABHA (Ayushman Bharat Health Account) ഉള്ളവരാണെങ്കിൽ ABHA address ടൈപ്പ് ചെയ്യുക. (ഉദാ: rajeshndr@abdm) ശേഷം NEXT ബട്ടൻ ക്ലിക്ക് ചെയ്യുക


4.2. ABHA address നേരത്തെ എടുത്ത്, അത് ഓർമ ഇല്ലാത്തവരും, ABHA കാർഡിൻറെ പ്രിൻറ് കൈവശം ഉള്ളവരുമാണെങ്കിൽ, താഴെ കാണുന്ന കോളത്തിൽ ക്ലിക്ക് ചെയ്ത ശേഷം QR കോഡ് സ്കാനർ ഉപയോഗിച്ച് ABHA കാർഡിലെ / പ്രിൻറിലെ QR കോഡ് സ്കാൻ ചെയ്യുക







## 4.3. ABHA ഇല്ലാത്തവർക്ക് ആദ്യമായി ABHA എടുക്കുന്ന വിധം


- **Patient want to create ABHA** എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുക
- ആധാർ നമ്പർ ടൈപ്പ് ചെയ്ത് **NEXT** ബട്ടൺ അമർത്തുക




- ആധാർ നമ്പറുമായി ബന്ധിപ്പിച്ച മൊബൈലിലേക്ക് വരുന്ന **OTP** ടൈപ്പ് ചെയ്ത് **VERIFY** ബട്ടൺ അമർത്തുക





- തുടർന്ന് അവരുടെ ആധാർ നമ്പറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ ടൈപ്പ് ചെയ്ത് **NEXT** ബട്ടൺ അമർത്തുക




- തുടർന്ന് ഒരു **OTP** കൂടി ടൈപ്പ് ചെയ്ത് **VERIFY** ബട്ടൺ അമർത്തുക

- തുടർന്ന് രോഗിയുടെ **ABHA** യിലെ മുഴുവൻ വിവരങ്ങളും സ്ക്രീനിൽ തെളിയുന്നതാണ്. ഏത് **Department** ൽ, ഏത് **Clinic** ൽ, ഏത് **Unit** ൽ ഏത് ഡോക്ടറെ കാണിക്കണമെന്ന് തെരഞ്ഞെടുത്ത്, **Register** ബട്ടൻ അമർത്തുന്നതോടെ പ്രിൻറിനുള്ള സ്ക്രീൻ തെളിയും.





- പഴയ പ്രിൻറിൽ സ്ഥലമുണ്ടെങ്കിൽ പുതിയ പ്രിൻറ് എടുക്കാതെ തിയ്യതിയും അന്നത്തെ ടോക്കൺ നമ്പറും ചേർത്ത് രോഗിക്ക് നൽകാം. ഓ. പി. ടിക്കറ്റ് ചാർജ് ആയി സ്ക്രീനിൽ തെളിയുന്ന തുക രോഗിയിൽ നിന്ന് ശേഖരിക്കുകയും വേണം.
- പ്രിൻറ് ആവശ്യമെങ്കിൽ സ്ക്രീനിൻറെ ഏറ്റവും മുകളിൽ വലതു വശത്ത് കാണുന്ന പ്രിൻററിൻറെ ഐക്കണിൽ ക്ലിക്ക് ചെയ്ത് പ്രിൻറെടുക്കാം.




### 4.4. ABHA ഇല്ലാത്ത, ആധാറും മൊബൈൽ നമ്പറുമായി ബന്ധിപ്പിക്കാത്ത, പ്രസ്തുത ഫോൺ കൊണ്ടുവരാത്ത, ആധാർ നമ്പർ കൈയിൽ ഇല്ലാത്തവർക്ക് ഓ. പി. രജിസ്ട്രേഷൻ ചെയ്യുന്ന വിധം

- താഴെ കാണുന്ന സ്ക്രീനിൽ വലതു വശത്ത് മുകളിലായുള്ള **x** ബട്ടൻ ക്ലിക്ക് ചെയ്ത് ആ സ്ക്രീൻ ക്ലോസ് ചെയ്യുക





- തുടർന്ന് രോഗിയുടെ താഴെ പറയുന്ന വിവരങ്ങൾ താഴെ കാണുന്ന സ്ക്രീനിൽ ഒന്നൊന്നായി ടൈപ്പ് ചെയ്ത് നൽകുക





- **Title** ടൈപ്പ് ചെയ്യുന്നതോടെ **Gender** ഏതാണ് കൃത്യമായി മാറും. തെറ്റുണ്ടെങ്കിൽ മാറ്റാൻ ശ്രദ്ധിക്കുക
- **Date of birth** ടൈപ്പ് ചെയ്യാനായി ആദ്യം **year**, പിന്നീട് **Month**, പിന്നീട് **Date** എന്നിങ്ങനെ എടുക്കുക. **Date of birth** കൃത്യമായി രേഖപ്പെടുത്തിയാൽ **Age** കൃത്യമായി വന്നുകൊള്ളും.
- **Address** ൻറെ ഭാഗത്ത് വീട്ടു പേര്, തപാലാപ്പീസിൻറെ പേര് എന്നിവ ചേർക്കണം.
- **Mobile number** ഇല്ലാത്തവർക്ക് **1111111111** എന്നോ മറ്റോ നൽകാം.
- **State, District** എന്നിവ സ്ഥാപനം സ്ഥിതി ചെയ്യുന്നതിനനുസരിച്ച് ആണ് വരിക. ആവശ്യമെങ്കിൽ അവ മാറ്റാനും സാധിക്കും.

## 5. Scan &Share വഴി ടോക്കൺ എടുത്തവർക്ക് OP Registration ചെയ്യേണ്ട വിധം


5.1. **New registration** ൽ **Shared profile** എന്നത് ക്ലിക്ക് ചെയ്യുക.




5.2. Step 2- "select counter" എന്ന ഓപ്ഷനിൽ "counter1" ക്ലിക്ക് ചെയ്യുക.




5.3. Step 3-"patient list" സെലക്റ്റ് ചെയ്ത് അതിൽ രോഗിയുടെ പേരിന് നേരെയുള്ള "Select" ബട്ടൺ ക്ലിക്ക് ചെയ്യുക.




5.4. Step 4-ശേഷം തുറന്നു വരുന്ന പേജിൽ ഇല്ലാത്ത വിവരങ്ങൾ (ഉദാ: Address) ടൈപ്പ് ചെയ്തതിനു ശേഷം Department, Unit, Doctor എന്നിവ സെലക്ട് ചെയ്ത് Register ബട്ടൺ അമർത്തുക.

## 6. Scan & Share വഴി ടോക്കൺ എടുക്കുന്ന വിധം


6.1. Iphone ലെ App store ൽ നിന്നും അല്ലാത്ത Android phone ലെ playstore ൽ നിന്നും ABHA App ഡൌൺലോഡ് ചെയ്യുക

ABHA

6.2. അതിൽ **Camera, Location** എന്നിവയ്ക്ക് **permission** കൊടുക്കുക

6.3. **Mobile number / Aadhar No / ABHA No** ഏതെങ്കിലും കൊടുത്ത് ബന്ധിപ്പിച്ച മൊബൈലിൽ വരുന്ന **OTP** നൽകി ലോഗിൻ ചെയ്യുക.

6.4. തുടർന്ന് വരുന്ന സ്ക്രീനിൽ മുകളിലോ താഴെയോ ഉള്ള **QR** കോഡ് സ്കാനർ എടുത്ത് സ്ഥാപനത്തിലെ കൌണ്ടറിൽ വെച്ചിട്ടുള്ള കോഡ് സ്കാൻ ചെയ്യുക





6.5. ആളുടെ **ABHA** വിവരങ്ങൾ തെളിയുന്നു. താഴെ ഭാഗത്ത് ഓറഞ്ച് നിറത്തിൽ കാണുന്ന **Get Token** എന്ന ബട്ടൻ ക്ലിക്ക് ചെയ്യുക





6.6. **Share details** എന്ന ചോദ്യത്തിന് **I agree** എന്നത് ക്ലിക്ക് ചെയ്യുന്നതോടെ ടോക്കൺ നമ്പർ കാണാം. ഇത് കൌണ്ടറിൽ പറഞ്ഞാൽ മതിയാവും.

## 7. <u>ABHA കാർഡ് പ്രിന്റ് എടുക്കുന്ന വിധം</u>


7.1. ഗൂഗിൾ ക്രോം അഡ്രസ് ബാറിൽ കാണുന്ന "+" ചിഹ്നത്തിൽ ക്ലിക്ക് ചെയ്യുക. അഡ്രസ് ബാറിൽ **abha** എന്ന് ടൈപ്പ് ചെയ്ത് **enter** ബട്ടൺ അമർത്തുക.




7.2. ഓപ്പൺ ആയ പേജിൽ **ABHA** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. വലത് വശത്ത് കാണുന്ന **Abha login** എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.




7.3. **Mobile number / Aadhar number / abha number** ഇവയിൽ ഏതെങ്കിലും ഒന്ന് ടൈപ്പ് ചെയ്ത് ശേഷം **captcha** ടൈപ്പ് ചെയ്ത് **Next** ബട്ടൺ ക്ലിക്ക് ചെയ്യുക.





7.4. ബന്ധിപ്പിച്ച മൊബൈൽ ഫോണിൽ ലഭിക്കുന്ന **OTP** ടൈപ്പ് ചെയ്ത് **next** ബട്ടൺ ക്ലിക്ക് ചെയ്യുക.




7.5. മുകളിൽ വലത് വശത്ത് കാണുന്ന **Print ABHA** ക്ലിക്ക് ചെയ്ത് **abha card** പ്രിന്റ് എടുക്കുക.





7.6. വലത് വശത്ത് കാണുന്ന പേരിൽ ക്ലിക്ക് ചെയ്തു **log out** ചെയ്യുക.



## 8. UHID / മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് രോഗിയെ കണ്ടു പിടിക്കാൻ

8.1. ABHA ഉപയോഗിച്ച് രോഗികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്ക്രീൻ അതിനു വലതുവശത്ത് മുകളിലെ x ബട്ടൻ ക്ലിക്ക് ചെയ്ത് ക്ലോസ് ചെയ്യുക





8.2. Patient registration ൽ search patient by: UHID / മൊബൈൽ നമ്പർ സെലക്റ്റ് ചെയ്ത് നേരെ കാണുന്ന ബോക്സിൽ UHID / മൊബൈൽ നമ്പർ ടൈപ്പ് ചെയ്ത് search ബട്ടൺ ക്ലിക്ക് ചെയ്യുക.




## 9. ദിവസേനയുള്ള ഓ. പി. കലക്ഷൻ റിപ്പോർട്ട് എടുക്കാൻ

9.1. Patient registration ൽ ഇടത് ഭാഗത്തുള്ള Reports ൽ Daily collection report ക്ലിക്ക് ചെയ്യുക.




9.2. Start date, End date എന്നിവ തെരഞ്ഞെടുത്ത് Generate collection report ക്ലിക്ക് ചെയ്യുക.

